# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2403

07.02.2019 ൽ മറുപടിക്ക്

## ഇടക്കൊച്ചി സുസ്ഥിര വികസന മേഖല

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | 2010 ൽ ഇൻകെൽ തയ്യാറാക്കിയിട്ടുള്ളതും കെ.എസ്.ഐ.ഡി.സി യും കിൻഫ്രയും സംയുക്ത പഠനം പൂർത്തീകരി- ച്ചിട്ടുള്ളതുമായ എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയെ സുസ്ഥിര വികസന മേഖലയാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിക്കാ- നുദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വിശദമാക്കാമോ ? | | ഇടക്കൊച്ചി സുസ്ഥിര വികസന മേഖല ആക്കുന്നതിനു വേണ്ടി ഇൻകെൽ (Inkel) സമർപ്പിച്ച പദ്ധതി റിപ്പോർട്ടിൽ 51 ഏക്കർ ഭൂമി ആവാസത്തിനും വാണിജ്യകാര്യങ്ങൾക്കായി വികസിപ്പിക്കുന്നതിനുള്ള രൂപരേഖയാണ് തയ്യാറാക്കിയിട്ടുള്ളത്. കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയും ഇതിനോട് ചേർന്ന് കിടക്കുന്ന സെന്റ് ഡൊമിനിക് കോൺവെന്റ്, അവഷരിചേരിൽ ജോ, വിക്ടാലിസ് കുടുംബം എന്നിവരുടെ കൈവശമുള്ള വസ്തുക്കളും ചേർന്നുള്ള പ്രദേശത്താണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയ്ക്ക് വേണ്ടി ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് അതിലേയ്ക്ക് സ്ഥലം ഉടമകൾ സ്ഥലം നൽകി പദ്ധതിയ്ക്ക് തുടക്കം കുറിക്കാനാണ് റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്ക് നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടിയിരിക്കുന്നു. പദ്ധതിയുടെ ആകെ അടങ്കൽ തുക 1,500 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിക്കുള്ള ധനസമാഹരണം എപ്രകാര- മാണെന്ന് സംബന്ധിച്ച് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | മേൽ സാഹചര്യത്തിൽ നിലവിലെ നിയമങ്ങളിൽ ഭേദഗതി വരുത്തിയാലേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പദ്ധതി എങ്ങനെ പ്രായോഗികമായി നടപ്പിലാക്കാം എന്നത് സംബന്ധിച്ച് വീണ്ടും ഒരു വിശദമായ സാങ്കേതിക സാമ്പത്തിക പഠനം നടത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ